# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: **5766** — **03.11.16** ലെ മറുപടി

## ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലക്ഷം കുപ്പി കുടിവെള്ളം വിറ്റുപോകുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;<br><br>(ബി) ജലവിഭവ വകുപ്പിന്റെ കീഴിൽ കുടിവെള്ളം കുപ്പികളിലാക്കി വില്പന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;<br><br>(സി) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കുടിവെള്ളം കുപ്പികളിലാക്കി വില്പനയ്ക്കെത്തിക്കുന്നതിനാവശ്യമായ ഫാക്ടറി തുടങ്ങുവാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി) ഇന്ന് വിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം പലതും മതിയായ ഗുണമേന്മയില്ലാത്തതാണ് എന്ന ആക്ഷേപം ഉയർന്നുവരുന്ന സാഹചര്യത്തിൽ കുപ്പിവെള്ളം വില്പനയ്ക്കെത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;<br><br>(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എ) (ബി) (സി) (ഡി) & (ഇ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.ഐ.ഐ.ഡി.സി എന്ന പൊതുമേഖല സ്ഥാപനത്തിന്റെ കീഴിൽ 'ഹില്ലി അക്വ' എന്ന പേരിൽ തൊടുപുഴയിൽ കുടിവെള്ള ബോട്ടലിംഗ് യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത യൂണിറ്റിൽ നിന്ന് പ്രതിദിനം ഏകദേശം 25000 കുപ്പി കുടിവെള്ളം വിറ്റുപോകുന്നുണ്ട്. മിതമായ വിലയ്ക്ക് കുപ്പിവെള്ളം നൽകുന്നതിന് കെ.ഐ.ഐ.ഡി.സി.യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ കുറ്റിയാടി ജലസേചന പദ്ധതിയുടെ പരിസരത്ത് ഒരു യൂണിറ്റ് കൂടി തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുകയാണ്. കെ.ഐ.ഐ.ഡി.സിയുടെ കീഴിലുള്ള ബോട്ടിലിംഗ് പ്ലാന്റിന് ബി.ഐ.എസ്. നിഷ്ക്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മ ടെസ്റ്റുകളും നടത്തി ഗുണമേൻമ ഉറപ്പാക്കുന്നുണ്ട്. കുപ്പിവെള്ളത്തിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ ഫാക്ടറിയ്ക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ, അരുവിക്കരയിൽ ഒരു ബോട്ടലിംഗ് യൂണിറ്റിന്റെ പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത യൂണിറ്റ് കമ്മീഷൻ ചെയ്ത്, അതിന്റെ വിപണി പ്രതികരണം വിലയിരുത്തിയ ശേഷം പുതുതായി ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**